1. ജലസ്രോതസ്സുകൾ മാലിന്യവിമുക്തമാക്കുന്നതിനുവേണ്ടി പതിവായി വെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തി Chlorination, super chlorination, എന്നിവ നടത്തിവരുന്നു.

2. മേളകൾ, സദ്യാലയങ്ങൾ എന്നിവിടങ്ങളിൽ കൃത്യമായ ഇടവേളകളിൽ സന്ദർശനംനടത്തി കുടിവെള്ളം, ഐസ്, ഭക്ഷണം എന്നിവയുടെ ശുചിത്വം ഉറപ്പു വരുത്തുന്നു.

3. സേഫ് കേരള പദ്ധതിയുടെ ഭാഗമായി ഹോട്ടലുകൾ, കശാപ്പുശാലകൾ, ബേക്കറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പരിശോധന നടത്തി ശുചിത്വം ഉറപ്പു വരുത്തുന്നു.

4. തിളപ്പിച്ചാറിയ വെള്ളം കുടിക്കുക, മലമൂത്ര വിസർജ്ജനം കക്കൂസുകളിൽ മാത്രമാക്കുക, വ്യക്തിശുചിത്വം പാലിക്കുക, പരിസര ശുചിത്വം ഉറപ്പുവരുത്തുക തുടങ്ങിയ ശുചിത്വ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനായി ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

5. ആരോഗ്യ സ്ഥാപനങ്ങളിൽ ORT കോർണർ പ്രവർത്തിച്ചുവരുന്നു.

6. വയറിളക്ക രോഗങ്ങൾക്കെതിരെയുള്ള മരുന്നുകൾ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.

7. കുടിവെള്ളത്തിൽ അടങ്ങിയിരിക്കുന്ന ക്ലോറിൻ അളവ് പരിശോധിക്കുന്നതിനായുള്ള ഉപകരണം (Chloroscope) എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്.

8. ജലഅതോറിറ്റി, ശുചിത്വമിഷൻ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുന്നതിനായി പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ബഡ്ജറ്റ് വിഹിതം 65 ലക്ഷം രൂപയായിരുന്നു. ഇതിൽ 57.66 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ലഘുക്ഷേണങ്ങളിലെ ലെഡ് സാന്നിധ്യം

76 (2285) ശ്രീ. ടി. വി. രാജേഷ് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) നെസ്‌ലെ ഉല്പന്നമായ മാഗി നൂഡിൽസിൽ മാരകമായ തോതിൽ ലെഡ് ചേർത്തിട്ടുണ്ടെന്ന് ലബോറട്ടറി പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് ഉത്തർപ്രദേശ് സർക്കാർ പ്രസ്തുത ഉല്പന്നം നിരോധിച്ചകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് വ്യാപകമായി വില്ക്കുന്ന പ്രസ്തുത ഉല്പന്നത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിരുന്നോ ; ഈ ഉല്പന്നം നിരോധിക്കാനും ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാനും നടപടി സ്വീകരിച്ചിരുന്നോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ;

(സി) മറ്റ് നിർമ്മാതാക്കളുടെ സമാന ഉല്പന്നങ്ങളും പരിശോധയ്ക്ക് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ നെസ്‌ലെ കമ്പനിയുടെ മറ്റ് ഉല്പന്നങ്ങളും, ചീറ്റോസ്, കുർകുറെ പോലുള്ള ഉല്പന്നങ്ങളും പരിശോധനയ്ക്ക് വിധേയ മാക്കാൻ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) Food Safety and Standards Authority of India മാഗി നൂഡിൽസിന്റെ പരിശോധനാഫലം കണക്കിലെടുത്ത് No.10/Q.A/Enforcement Issues/FSSAI/ 2015 dated 5-6-2015 എന്ന ഉത്തരവ് പ്രകാരം ദേശവ്യാപകമായി ടി ഉൽപ്പന്നം പിൻവലിക്കുവാൻ ഉൽപ്പാദകർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശം സംസ്ഥാനത്തും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും ലഭ്യമായ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുവാനും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിപണിയിൽ ലഭ്യമായ എല്ലാത്തരം നൂഡിൽസിന്റെ സാമ്പിളുകളും ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുവാനും നിശ്ചിത ഗുണനിലവാരമില്ലാത്തതോ മായം ചേർത്തതായോ കണ്ടെത്തുന്നവയുടെ ഉൽപ്പാദകർക്കും വിതരണക്കാർക്കുമെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നടപടി സ്വീകരിക്കുവാനും ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നെസ്‌ലെ കമ്പനിയുടേതുൾപ്പെടെ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന എല്ലാത്തരം ഭക്ഷ്യോൽപ്പന്നങ്ങളും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. ടി സംഭവത്തിന്റെ പശ്ചാത്തലത്തിൽ നെസ്ലെ കമ്പനിയുടെ മറ്റ് ഉൽപ്പന്നങ്ങളും ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനുള്ള നടപടി എടുത്തിട്ടുണ്ട്.

ഡോക്ടർമാരുടെ തസ്തിക ഒഴിവുകൾ

77 (2286) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി വിഭാഗങ്ങളിലായി എത്ര ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ; ഇവയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ ; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

അലോപ്പതി വിഭാഗത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെകീഴിലുള്ള നിലവിലുള്ള ഡോക്ടർമാരുടെ തസ്തികകളും അവയിലുള്ള ഒഴിവുകളും ചുവടെ ചേർക്കുന്നു :

തസ്തികയുടെ പേര്	അനുവദിച്ച തസ്തിക	ഒഴിവുകൾ
അഡ്മിനിസ്ട്രേറ്റീവ് കേഡർ	234	40
ജനറൽ കേഡർ	3099	275
സ്പെഷ്യാലിറ്റി കേഡർ	1984	406
ലബോറട്ടറി കേഡർ	28	4
ആകെ	5345	725

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ക്ലിനിക്കൽ-നോൺ ക്ലിനിക്കൽ വിഭാഗങ്ങളിലെ അദ്ധ്യാപകരായ ഡോക്ടർമാരുടെ 2167 തസ്തികകളാണുള്ളത്. ഇതിൽ 486 തസ്തികകളിൽ ഒഴിവുണ്ട്.

ആയുർവേദ വിഭാഗത്തിൽ നിലവിലുള്ള ഡോക്ടർമാരുടെ തസ്തികകളും അവയിലുള്ള ഒഴിവുകളും ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly